# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4117 – 13/12/2018 -ലെ മറുപടിക്ക്

## പ്രളയാനന്തരം സാമ്പത്തികമേഖലയ്ക്ക് ഉണർവേകുന്ന പരിപാടികൾ

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ .ജി.എസ്.ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ.വി.ആർ. സുനിൽ കുമാർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയം മൂലം വിവരണാതീതമായ നഷ്ടം നേരിട്ട കേരളത്തിന്റെ പുനർനിർമ്മാണ ചെലവ് നേരിടുന്നതിനായി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തു വരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിച്ചു കൊണ്ട് സമാഹരിക്കുന്ന അധിക വായ്പാ തുകയും സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുന്നതു വഴിയുള്ള അധിക വരുമാനവും, RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്നുള്ള വായ്പയും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി പുനക്രമീകരിക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ, നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിനു |

| | | |
|---|---|---|
| | | പുറമേ താഴെ പറയുന്ന നടപടികളിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. <br> നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സാഹചര്യം തടഞ്ഞുകൊണ്ടും ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തിയും നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. <br> ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കു. മറ്റ് ചെലവ് ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് സംസ്ഥാനം അധികമായി തുക പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ; | പ്രളയം മൂലം മന്ദീഭവിച്ചതും നഷ്ടങ്ങൾ സംഭവിച്ചതുമായ പദ്ധതി പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ച് നടപ്പാക്കുന്നതിനും മറ്റു ആസ്തികളുടെ പുനർ നിർമ്മാണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അധിക സഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക പ്രൊപ്പോസലുകൾ വിവിധ വകുപ്പുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി | പ്രതിസന്ധിയിൽ നിന്ന് കരകയറാനുള്ള ശ്രമങ്ങളുടെ ഭാഗമായി സ്വകാര്യ, പൊതു മേഖലകളിലുണ്ടാകുന്ന സാമ്പത്തിക ഇടപെടലുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക | നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം തീർത്ത ദുരിതങ്ങളിൽ നിന്നും കേരളം അതിവേഗം കരകയറുക തന്നെ ചെയ്യും. പ്രളയം തകർത്ത വിവിധ മേഖലകളുടെ പുന:നിർമ്മാണം നമ്മുടെ സമ്പദ്ഘടനയ്ക്ക് കുതിപ്പ് ഏകാനുള്ള സന്ദർഭമായി മാറും. പഴയ കേരളത്തെ |

| | | |
|---|---|---|
| | വളർച്ചയ്ക്ക് ഗുണകരമായി ത്തീരുമോ; വ്യക്തമാക്കുമോ; | പുന:നിർമ്മിയ്ക്കുകയല്ല ലക്ഷ്യം നവകേരളത്തിന് അടിത്തറയിടുകയാണ്. സുസ്ഥിരതയും |
| ഡി | പുനർനിർമ്മാണ പ്രവർത്തനങ്ങളിലൂടെ ചെലവഴിക്കപ്പെടുന്ന പണം സംസ്ഥാന സമ്പദ് വ്യവസ്ഥക്ക് ഒരു പുതിയ മാനം സൃഷ്ടിക്കുന്നതിന് പര്യാപ്തമാകുമോ; വ്യക്തമാക്കുമോ; | സാമൂഹ്യ നീതിയും ലിംഗ സമത്വവും ഉറപ്പാക്കുന്ന നവകേരള അടിത്തറയാണ് ലക്ഷ്യം. ആപത്തിനെ അവസരമാക്കി മുന്നേറുക എന്നതാണ് സ്വീകരിക്കുന്ന സമീപനം. ഇത് സമ്പദ്ഘടനയ്ക്ക് ഉണർവ്വ് നൽകുക തന്നെ ചെയ്യും |
| ഇ | പ്രളയത്തിൽ ഗൃഹോപകരണങ്ങളുടെയും മറ്റും നഷ്ടമുണ്ടായതിനെ തുടർന്ന് അവയുടെ ആവശ്യം വർദ്ധിക്കുന്നത് കച്ചവട മേഖലക്ക് ഉണർവേകുമോയെന്ന് വ്യക്തമാക്കുമോ; | ഉണർവേകുമെന്ന് പ്രതീക്ഷിക്കുന്നു. |
| എഫ് | പ്രളയത്തിന് മുമ്പുള്ള സാമ്പത്തിക വളർച്ചയുടെ അവസ്ഥയിലേക്ക് എത്രകാലം കൊണ്ട് സംസ്ഥാനത്തെ തിരികെയെത്തിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | പി.ഡി.എൻ.എ റിപ്പോർട്ടനുസരിച്ച് പ്രളയാനന്തര പുനർനിർമ്മാണത്തിനായി ഉദ്ദേശം അഞ്ച് വർഷം വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ